**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5355** **15-03-2023 - ൽ മറുപടിയ്ക്ക്**

**കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശാസ്ത്രീയ സമീപനത്തിലൂടെ ഭക്ഷ്യവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം സംബന്ധിച്ച് വിശദമാക്കുമോ; | (എ) | കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവ ശേഷി ശാസ്ത്രീയമായി പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും സംസ്ഥാനത്തിന്റെ ഉല്പാദന ശേഷി ഉയർത്തുകയുമാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം കൊണ്ട് ലക്ഷ്യമിടുന്നത്. സംയോജിത - ബഹുവിള കൃഷി സമ്പ്രദായത്തിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങളെ ശാസ്ത്രീയമായി തിരഞ്ഞെടുക്കുകയും കാർഷിക ആവാസ വ്യവസ്ഥാ യൂണിറ്റധിഷ്ഠിത കാർഷിക പരിപാലന മാർഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ വിളനാശം മൂലമുള്ള നഷ്ടം കുറയ്ക്കുന്നതിനും ഓരോ തുണ്ടു ഭൂമിയിൽ നിന്നുമുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധ്യമാകുന്നു. വികസനത്തിന്റെ അടിസ്ഥാന യൂണിറ്റായി കണക്കാക്കപ്പെടുന്ന ഓരോ കൃഷിയിടവും തദ്ദേശ സംവിധാനത്തിന്റെ പിന്തുണയോടെ കൃഷി ഭവനുകൾ മുഖേന ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെ സഹായത്തോടെ തെരഞ്ഞെടുക്കുന്നു. ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന കേന്ദ്രങ്ങളിലൂടെ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ സാങ്കേതിക സഹായത്തോടെയും കർഷകരുമായി കൂടിയാലോചിച്ചും കൃഷി ഓഫീസർ തയ്യാറാക്കുന്ന ശാസ്ത്രീയമായ വിഭവാധിഷ്ഠിത ആസൂത്രണ രേഖ (Farm Plan) പ്രകാരമായിരിക്കും കൃഷിയിട വികസനം നടപ്പിലാക്കുക.<br><br>ടി പദ്ധതി പ്രകാരം ഒരു കൃഷി ഭവനിൽ 10 എന്ന തോതിൽ 10760 വിളയിടാധിഷ്ഠിത പ്ലോട്ടുകൾ സജ്ജമാക്കുന്നു. ഇതിൽ 1000 എണ്ണം IFS പ്ലോട്ടുകളും |

| | | | |
|---|---|---|---|
| | | | 9760 എണ്ണം Non IFS പ്ലോട്ടുകളുമാണ്. ഈ പദ്ധതിയിൽ വിവിധ ഘടകങ്ങൾക്കായി വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടി ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ - 1200 ലക്ഷം രൂപ<br><br>2. സംയോജിത കൃഷി സമ്പ്രദായ സമീപനത്തിലൂടെ വിളകളുടെ വികസനം - 250 ലക്ഷം രൂപ.<br><br>3. ഫാം പ്ലാൻ അടിസ്ഥാനമാക്കിയുള്ള വികസന സമീപനം ശക്തിപ്പെടുത്തൽ - 200 ലക്ഷം രൂപ<br><br>4. ഉല്പാദന സംഘടനകളുടെ വികസനത്തിനും സാങ്കേതികവിദ്യ പിന്തുണക്കുമായുള്ള പദ്ധതി - 900 ലക്ഷം രൂപ.<br><br>5. കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വികസന /മൂല്യ ശൃംഖല വികസനത്തിനായുള്ള പദ്ധതി - 800 ലക്ഷം രൂപ. |
| (ബി) | പ്രസ്തുത സമീപനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന കൃഷിയിടാധിഷ്ഠിത ഉല്പാദന പരിപാടികളുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കൃഷിയിടാധിഷ്ഠിത വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കായി ആകെ 3350 ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട് കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികളുടെ ഭാഗമായി നടത്തപ്പെടുത്തുന്ന ഫീൽഡ്തല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ സംസ്ഥാനതലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർമാരുടെ മേൽനോട്ടത്തിൽ മാസംതോറും നടത്തിവരുന്നു. കൂടാതെ ജില്ലകളിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, പ്രൊജക്റ്റ് ഡയറക്ടർ ആത്മ എന്നിവരുടെ മേൽനോട്ടത്തിലും ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ മേൽനോട്ടത്തിലും നടത്തിവരുന്നു.ടി പദ്ധതി പ്രകാരം ഒരു കൃഷി ഭവനിൽ 10 എന്ന തോതിൽ 10760 വിളയിടാധിഷ്ഠിത പ്ലോട്ടുകൾ സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിൽ 1000 എണ്ണം IFS പ്ലോട്ടുകളും 9760 എണ്ണം non IFS പ്ലോട്ടുകളുമാണ്. പ്രാരംഭ നടപടികളുടെ ഭാഗമായി ഓരോ ജില്ലയിലും ടാസ്ക് ഫോഴ്സ് രൂപീകരിച്ച്, പദ്ധതിയുടെ നോഡൽ ഓഫീസർമാർക്കും ബ്ലോക്ക് ലെവൽ കൃഷി ഉദ്യോഗസ്ഥർക്കും ഫാം പ്ലാനിങ് അനുബന്ധ വിഷയങ്ങളിൽ പരിശീലനങ്ങൾ 14 ജില്ലകളിലും നടത്തിയിട്ടുണ്ട്. പദ്ധതിയുടെ ബാക്കിയുള്ള പരിശീലന പരിപാടികൾ പുരോഗമിക്കുന്നു.എല്ലാ ജില്ലകളിലും ജില്ലാതല സ്പെഷ്യലൈസ്ഡ് പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | ഒട്ടാകെ കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിയ്ക്കായി നാളിതുവരെ 16344 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.ബ്ലോക്കുകളിൽ ഫാം പ്ലാൻ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് ബ്ലോക്ക്തല കാർഷിക വിജ്ഞാന കേന്ദ്രങ്ങളിൽ പ്രത്യേക യോഗങ്ങൾ നടത്തി വരുന്നു. (നാളിതുവരെ 339 എണ്ണം നടത്തിയിട്ടുണ്ട്). ഇതിലൂടെ 10760 (1000 IFS ഉം 9760 non IFS ഉം) കർഷകരെ കൃഷിയിടാധിഷ്ഠിത ആസൂത്രണ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിനായി നാളിതുവരെ 13919 ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്). ബ്ലോക്കുകളിൽ ഫാം പ്ലാൻ വാലിഡേഷനു വേണ്ടി നാളിതുവരെ 406 വർക്ക്ഷോപ്പുകൾ നടത്തിയിട്ടുള്ളതിലൂടെ 10760 കൃഷിയിടാധിഷ്ഠിത പ്ലാനുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം ദ്രുതഗതിയിലാക്കുന്നതിനുള്ള നിർദ്ദേശം ജില്ലകൾക്ക് നൽകിയിട്ടുണ്ട്. |
| (സി) | ഇതിനോടനുബന്ധിച്ച് വിതരണ ശൃംഖലയുടെയും മൂല്യ ശൃംഖലയുടെയും വികസനത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | 2023-24 സാമ്പത്തിക വർഷത്തിൽ കൃഷിയിടാധിഷ്ഠിത ആസൂത്രണ ഉത്പാദന പരിപാടിയിൽ ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക വിദ്യ പിന്തുണക്കുമുള്ള ഘടകത്തിൽ 2401-00-109-56 പ്ലാൻ ശീർഷകത്തിൽ 650 ലക്ഷം രൂപയും, കൃഷിയിടാസൂത്രണ അധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ / മൂല്യ ശൃംഖല വികസനത്തിനുള്ള ഘടകത്തിൽ 2401-00-111-97 പ്ലാൻ ശീർഷകത്തിൽ 500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>കൃഷിയിടാധിഷ്ഠിത ആസൂത്രണ ഉത്പാദന പരിപാടിയിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ കർഷകർക്ക് ഉപകാരപ്രദമായ രീതിയിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൃഷിക്കൂട്ടം, കൃഷി ഭവൻ പരിധിയിൽ വിവിധ പദ്ധതികൾ പ്രകാരവും ആത്മ പദ്ധതിയിലും രൂപീകൃതമായ കർഷക ഗ്രൂപ്പുകൾ, പ്രാഥമിക കാർഷിക സഹകരണ സൊസൈറ്റികൾ, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയിലൂടെ കാർഷിക ഉത്പന്നങ്ങളുടെ അഗ്രിഗേഷൻ സെന്ററുകൾക്ക് ഒരോ കൃഷി ഭവൻ പരിധിയിലും 25,000/- രൂപ വീതം ധനസഹായം അനുവദിക്കുന്നതാണ്. ആയതിന് സംസ്ഥാനത്തെ 1076 കൃഷി ഭവനുകൾക്കായി 269 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഓരോ ജില്ലയിലും കാർഷിക ഉത്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് 14 ഹബ്ബുകൾ രൂപീകരിക്കുവാൻ തുക വകയിരുത്തിയിട്ടുണ്ട്. അനുയോജ്യമായ FPO കൾ പ്രവർത്തിപ്പിക്കുന്ന ഓരോ ഹബ്ബിനും 2.21 ലക്ഷം രൂപ വീതം 30.94 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഫാം പ്ലാൻ പ്രകാരം കൃഷിക്കൂട്ടങ്ങളിൽ നിന്നും രൂപീകരിച്ച FPO കൾക്കും, കുടുംബശ്രീ, കർഷക ഉത്പാദക സംഘങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സൊസൈറ്റികൾ, റസിഡന്റ്സ് അസോസ്സിയേഷനുകൾ, ഫെഡറേറ്റഡ് രജിസ്റ്റേഴ്സ് സംഘങ്ങൾ എന്നിവയ്ക്കും എഫ് പി ഒ കളുടെ ഭാഗമായി കാർഷിക ഉത്പന്നങ്ങളുടെ പ്രീമിയം ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിന് 50% സബ്സിഡിയിൽ പരമാവധി 5 ലക്ഷം രൂപ വരെ ധനസഹായം നൽകുവാൻ സാധിക്കും. ഇതിനായി സംസ്ഥാനത്ത് 60 പ്രീമിയം ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>പദ്ധതിയുടെ ഭാഗമായി രൂപീകൃതമായ എഫ്.പി.ഒ.കൾക്ക് കാർഷിക ഉത്പന്നങ്ങളുടെ ഔട്ട് ലെറ്റ്/ശേഖരണ സെന്ററുകളിൽ, വില വിവരം പ്രദർശിപ്പിക്കുന്നതിന് ഡിജിറ്റൽ വില വിവര ഡിസ്പ്ലേയ്ക്ക് 50% സബ്സിഡിയിൽ ഒരു ഔട്ട് ലെറ്റിന് 5,000/- രൂപ വീതം ധനസഹായം നൽകുന്നു. ഇതിനായി ആകെ 1000 ഡിസ്പ്ലേകൾക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 100 കർഷക ഉത്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിന് ഓരോ സംഘത്തിനും 6.5 ലക്ഷം രൂപ വീതം 650 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ